STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 2342950, 2342271, 2342369 email : scolekerala@gmail.com

ഡി.സി.എ/1831/2024/സ്കോൾ കേരള തീയതി : 07.06.2024

# വിജ്ഞാപനം

## സ്കോൾ-കേരള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ് (ഡി.സി.എ) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾ-കേരള മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സ് പത്താം ബാച്ചിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി അല്ലെങ്കിൽ സർക്കാർ അംഗീകൃത തത്തുല്യ യോഗ്യതയുള്ള ആർക്കും പ്രായപരിധി ഇല്ലാതെ അപേക്ഷിക്കാവുന്നതാണ്. **11.06.2024** മുതൽ **www.scolekerala.org** എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്.

സെക്രട്ടറിയേറ്റ് അസിസ്റ്റന്റ്, കേരള പബ്ലിക് സർവീസ് കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾക്ക് യോഗ്യതയായി സർക്കാർ അംഗീകരിച്ച കോഴ്സാണ് ഡി.സി.എ. എസ്.എസ്.എൽ.സി./തത്തുല്ല്യ യോഗ്യതയുള്ള വിദ്യാർഥികൾക്ക് സ്കോൾ-കേരള നടത്തുന്ന കോഴ്സിന് ചേർന്ന് പഠിക്കാം. റെഗുലർ വിദ്യാഭ്യാസത്തോടൊപ്പം സമാന്തരമായി പഠനം നടത്താവുന്ന രീതിയിലും ഒന്നുംരണ്ടും വർഷ ഹയർസെക്കൻഡറി കോഴ്സിനോടൊപ്പം റെഗുലർ വിദ്യാർഥികൾക്കും പഠിക്കാവുന്ന രീതിയിലുമാണ് കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്. സർക്കാർ, അർദ്ധ സർക്കാർ, സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തൊഴിലിനോടൊപ്പം പഠനം നടത്താൻ അവസരം ലഭ്യമാണ്.

ഓൺലൈൻ രജിസ്ട്രേഷൻ ഒന്നോ രണ്ടോ ഘട്ടങ്ങളായി പൂർത്തിയാക്കാവുന്നതാണ്. വിദ്യാർഥികളുടെ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്ത് ഫീസ് അടയ്ക്കാനുള്ള രീതി (ഓൺലൈൻ/ഓഫ് ലൈൻ) തെരെഞ്ഞെടുക്കാവുന്നതാണ്. ഓൺലൈൻ മോഡിൽ ഫീസ് ഒടുക്കിയവർ ഒന്നാം ഘട്ടത്തിലും ഓഫ് ലൈൻ മോഡിൽ ഫീസ് ഒടുക്കിയവർ രണ്ടു ഘട്ടങ്ങളിലുമായാണ് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടത്. ഓഫ് ലൈൻ മോഡ് തെരഞ്ഞെടുക്കുന്നവർക്ക് ചെലാൻ ജനറേറ്റ് ചെയ്ത് പ്രിന്റ് എടുക്കുന്നതുവരെയാണ് ഒന്നാംഘട്ടം. ജനറേറ്റ് ചെയ്ത ചെലാൻ ഉപയോഗിച്ച് ഏതെങ്കിലും പോസ്റ്റാഫീസിൽ ഫീസ് ഒടുക്കിയശേഷം, ഫീസ് അടച്ച തീയതി പോസ്റ്റാഫീസിന്റെ പേര്, ഫീസ് അടയ്ക്കുമ്പോൾ പോസ്റ്റാഫീസിൽനിന്നും ലഭിക്കുന്ന ഇൻവോയിസിലെ നമ്പർ എന്നിവ രേഖപ്പെടുത്തിയശേഷം അപേക്ഷ confirm ചെയ്ത് പ്രിന്റ് എടുക്കുന്നതുവരെയാണ് രണ്ടാംഘട്ടം. ഫീസ് ഒടുക്കിയ ചെലാനിലെ/ഓൺലൈൻ രസീതിലെ നിർദ്ദിഷ്ട വിവരങ്ങൾ രേഖപ്പെടുത്തി അപേക്ഷ കൺഫോം ചെയ്താൽ അപേക്ഷയുടെ പ്രിന്റ് ഔട്ട് ലഭ്യമാകുന്നതാണ്.

കോഴ്സ് കാലാവധി 6 മാസം (ആകെ 240 മണിക്കൂർ) ആണ്. **5300/-** രൂപയാണ് കോഴ്സ് ഫീസ്. ഇത് രണ്ടു ഗഡുക്കളായും അടയ്ക്കാവുന്നതാണ്. പിഴ കൂടാതെ **12.07.2024** വരെയും 60 രൂപ പിഴയോടെ **25.07.2024** വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. വിദ്യാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം -12 എന്ന വിലാസത്തിൽ സ്പീഡ്/രജിസ്റ്റേർഡ് തപാൽ മാർഗം എത്തിക്കേണ്ടതാണ്. രജിസ്ട്രേഷനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും, കൈപ്പുസ്തകത്തിനും സ്കോൾ-കേരള വെബ് സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾ 0471- 2342950, 2342271, 2342369 എന്നീ ഫോൺ നമ്പറുകളിൽ നിന്നും ലഭിക്കുമെന്ന് വൈസ് ചെയർമാൻ അറിയിച്ചു.

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA
Vidhya Bhavan
Poojappura
Thiruvananthapuram
695012

സെക്രട്ടറി

C1/E/SCOLE/DCA/LettersMal/490